# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1503** **03.12.2018-ൽ മറുപടിയ്ക്ക്**

**മുറ്റത്തൊരു മീൻതോട്ടം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. അബ്ദുൽ ഹമീദ് പി. | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ജൈവകൃഷിയുടെ മാതൃകയിൽ മത്സ്യകൃഷി വ്യാപിപ്പിക്കാൻ 'മുറ്റത്തൊരു മീൻതോട്ടം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഏത് ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ; | ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള അഡാക്ക് (ജലകൃഷി വികസന ഏജൻസി) മുഖേനയാണ് പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നത്. |
| സി) ഈ പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ? | സി) പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് സാങ്കേതിക പരിജ്ഞാനവും മത്സ്യവിത്തും സൗജന്യമായി നൽകുന്നു. പ്രളയ ബാധിത ജില്ലകൾക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ചെറുകിട മത്സ്യകൃഷിയിലൂടെ മത്സ്യകൃഷി ജനകീയമാക്കുക, മത്സ്യോത്പാദനത്തിൽ സംസ്ഥാനത്തെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുക, വീട്ടമ്മമാർ, തൊഴിൽ രഹിതരായ യുവജനങ്ങൾ എന്നിവർക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, വീടുകളിലെ ജൈവ മാലിന്യം ഉപയോഗപ്പെടുത്തി മത്സ്യഉത്പാദനം സാദ്ധ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതുവരെ 7000 ത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**